**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **07-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി ടൗണിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി കുറ്റ്യാടി ടൗണിലേക്ക് മാത്രമായി പുതിയ ഒരു 11 കെ.വി. ലൈൻ നിർമ്മിക്കാനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനായി 5.3 KM 11 കെ.വി. എ.ബി.സി. വലിക്കാനുള്ള പ്രവൃത്തി 'ദ്യുതി' സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി കുറ്റ്യാടി ടൗണിലേക്ക് മാത്രമായി ഒരു പുതിയ 11 കെ വി ലൈൻ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഭാഗമായ 11 കെ.വി. പോസ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് 11 കെ.വി. എ.ബി.സി. വലിക്കുന്നതാണ്. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പുതിയ 11 കെ വി ലൈൻ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കും എന്നറിയിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി 2022-23 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ